LIBRARY ARCHIVES Kerala Legislative Assembly

ബാലകലോത്സവം, യുവജനോത്സവം എന്നിവയിലെ മത്സരയിനങ്ങൾ

160 [1408] ശ്രീ. പി. ജെ. ജോയി:
പ്രൊഫ. എ. ഡി. മുസ്തഫ:
,, സാവിത്രി ലക്ഷ്മണൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലകലോത്സവം, യുവജനോത്സവം എന്നിവയ്ക്ക് എന്തെല്ലാം മൽസരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) അറബി സാഹിത്യോത്സവം, സംസ്കൃതോത്സവം എന്നിവയ്ക്ക് എന്തെല്ലാം ഇനങ്ങളിലാണ് മത്സരങ്ങൾ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബാലകലോത്സവം, യുവജനോത്സവം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള മത്സര ഇനങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ബി) അറബി സാഹിത്യോൽസവം, സംസ്കൃതോൽസവം എന്നിവയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള മത്സര ഇനങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

കണ്ണൂർ ജില്ലയിൽ അടച്ചുപൂട്ടിയ പ്രൈമറി സ്കൂളുകൾ

161 [1409] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര പ്രൈമറി സ്കൂളുകൾ പൂട്ടിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്ക് പുനർനിയമനം നൽകിയോ; ഉണ്ടെങ്കിൽ എത്രപേർക്ക്; ആർക്കെങ്കിലും നിയമനം നൽകുവാൻ ബാക്കിയുണ്ടോ;

(സി) മുഴുവൻ പേർക്കും ഗവൺമെന്റ് സ്കൂളുകളിൽ തന്നെയാണോ നിയമനം നൽകിയത് എന്ന് വ്യക്തമാക്കുമോ?

† അനുബന്ധം I and II

ഉത്തരം

(എ) നാല് സ്കൂളുകൾ പൂട്ടിയിട്ടുണ്ട്.

(ബി) നിർത്തലാക്കിയ സ്കൂളുകളിലെ എല്ലാ അദ്ധ്യാപകരെയും പുനർ വിന്യസിച്ചു കഴിഞ്ഞു.

(സി) മുഴുവൻ അദ്ധ്യാപകർക്കും ഗവൺമെന്റ് സ്കൂളുകളിൽ തന്നെയാണ് പുനർ നിയമനം നല്കിയിട്ടുള്ളത്.

പാലക്കാട് ജില്ലയിലെ മങ്കര എം. ആർ. എം. എൽ. പി. സ്കൂളിലെ അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും ശമ്പളം ലഭ്യമാക്കാൻ നടപടി

162 [1430] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സർക്കാർ, എയിഡഡ്, എൽ. പി., യു. പി., ഹൈസ്കൂളുകൾ പൂട്ടിയിട്ടിട്ടുണ്ട്; പ്രസ്തുത സ്കൂളുകൾ പൂട്ടുവാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂളുകൾ പൂട്ടിയപ്പോൾ പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും പുനർ നിയമനം നടത്തിയിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടേയും മറ്റ് സ്റ്റാഫുകളുടേയും ശമ്പളം മാസങ്ങളായി ലഭിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാലക്കാട് ജില്ലയിലെ മങ്കര എം. ആർ. എം. എൽ. പി. സ്കൂൾ പൂട്ടിയിട്ട് മാസങ്ങളായിട്ടും അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫുകൾക്കും ശമ്പളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ശമ്പളം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 43 എൽ. പി. സ്കൂളുകളും (ഗവ. 19, എയിഡഡ് 24) 10 യു. പി. സ്കൂളുകളും (ഗവ. 5, എയിഡഡ് 5) 3 ഹൈസ്കൂളുകളും (ഗവ. 2, എയിഡഡ് 1) നിർത്തലാക്കിയിട്ടുണ്ട്. കെ. ഇ. ആർ. അദ്ധ്യായം V-ലെ വ്യവസ്ഥപ്രകാരം ഒരു സ്റ്റാന്റേർഡിൽ അവശ്യം 25 കുട്ടികൾ ഉണ്ടാകണം. ഒരു സ്റ്റാന്റേർഡിൽ 25 കുട്ടികൾ വീതം ഇല്ലാത്ത സ്കൂളുകളെ അൺ ഇക്കണോമിക് സ്കൂളായാണ് കണക്കാക്കുന്നത്. ഇത്തരം സ്കൂളുകളുടെ അംഗീകാരം പിൻവലിക്കുന്നതിന് മേൽ അദ്ധ്യായത്തിലെ '22 എ' നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സമീപ പ്രദേശത്ത് വേണ്ടത്ര പഠന സൗകര്യമുള്ള സ്ഥലങ്ങളിൽ വളരെ കുറച്ചു കുട്ടികൾക്കു മാത്രമായി സ്കൂൾ നിലനിർത്തുന്നതു സർക്കാരിനു വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നു. അതുകൊണ്ടാണ് അത്തരം സ്കൂളുകൾ പൂട്ടുവാൻ തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly